(ഇ) ഇതു സംബന്ധിച്ച് കേരള സർവ്വകലാശാലയ്ക്കു ലഭിച്ചിട്ടുള്ള യു. ജി. സി നിർദ്ദേശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) യു. ജി. സി. നിർദ്ദേശമനുസരിച്ചുള്ള ലക്ചറർ നിയമനത്തിനുള്ള കുറഞ്ഞ അടിസ്ഥാന യോഗ്യതകൾ താഴെ ചേർക്കുന്നു.

1. നല്ല അക്കാഡമിക് നിലവാരത്തോടെ 55 ശതമാനം മാർക്കിൽ കുറയാത്ത ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും, 19-9-1991-നു മുൻപ് ബിരുദാനന്തര ബിരുദം നേടിയവർക്കും, ഡോക്ടറേറ്റ് ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കും 55 ശതമാനം മാർക്കിൽ നിന്നും 5 ശതമാനം മാർക്ക് ഇളവ് ചെയ്തിട്ടുണ്ട്.

2. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്/സി. എസ്. ഐ. ആർ. അല്ലെങ്കിൽ യു.ജി.സി അംഗീകാരമുള്ള മറ്റു യോഗ്യതാ പരീക്ഷ പാസ്സായിരിക്കണം.

(സി) ഇല്ല. മാറ്റം വരുത്തുന്നതിനു മുൻപായി യു.ജി.സി. യുടെ അനുവാദം വാങ്ങിയിരിക്കണം.

(ഡി) ഉണ്ട്. എൻ.ഇ.റ്റി./സി.എസ്.ഐ.ആർ. അല്ലെങ്കിൽ യു.ജി.സി. അംഗീകാരമുള്ള സമാനമായ മറ്റു യോഗ്യത പരീക്ഷയോ പാസ്സായാൽ മതിയാകും.

(ഇ) ഇതു പിന്നീട് അറിയിക്കുന്നതാണ്.

ബി.എഡ്. കോളേജുകളിലേയ്ക്കുള്ള പ്രവേശനം

52 (3693) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ഇ. എം. അഗസ്തി
ശ്രീ. വി. ജെ. പൗലോസ്
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.എഡ്. കോളേജുകളിലേയ്ക്കുള്ള പ്രവേശനം നൽകുന്നത് എപ്രകാരമാണ് ;

(ബി) ഒരു പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ബി.എഡ്-ന് പ്രവേശനം നൽകുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഡിഗ്രിതലത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ്. ബി. എഡ് കോളേജുകളിലേക്കുള്ള പ്രവേശനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബന്ധപ്പെട്ട സർവ്വകലാശാലകളുടെ അക്കാഡമിക് കൗൺസിലുകളാണ് ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടെ ഫീസ് നിരക്ക്

53 (3694) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ശാസ്ത്ര - സാങ്കേതിക സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ ഫീസ് നിരക്ക് ഇപ്പോൾ എത്രയാണ് ;

(ബി) അടുത്ത വിദ്യാഭ്യാസ വർഷം മുതൽ ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയായാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തുള്ള മറ്റ് സർവ്വകലാശാലകളിൽ സമാന കോഴ്സുകൾക്ക് അടുത്ത വിദ്യാഭ്യാസ വർഷം മുതൽ എന്തു തുകയാണ് ഫീസ്, സ്പെഷ്യൽ ഫീസ് എന്നീയിനങ്ങളിൽ ചുമത്തുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഫീസ് നിരക്ക് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി & ഡി) ഫീസ് വർദ്ധനവ് സംബന്ധിച്ച ശുപാർശ ഐ.യു.സി.സി. യുടെ പരിഗണനയിലാണ്. തീരുമാനമെടുത്തിട്ടില്ല.

എൻ. സി. ഇ. ആർ. ടി. യുടെ പ്രവർത്തനങ്ങൾ

54 (3695) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ഇ. ആർ. ടി. യുടെ പ്രവർത്തനത്തെ സംബന്ധിച്ചും ഡയറക്ടറെ സംബന്ധിച്ചും വന്നിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) എൻ.സി.ഇ.ആർ.ടി.യിൽ നടന്നിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ വന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

---

†അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly